# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 5873.                                        8..7..2013-ൽ മറുപടിക്ക്

## ക്ഷീരസംഘങ്ങൾ ആരംഭിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. കെ. അച്ചുതൻ:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. പാലോട് രവി: | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരസംഘങ്ങൾ ആരംഭിക്കാൻ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) പുതുതായി ആരംഭിക്കുന്ന സംഘങ്ങൾക്കും, പ്രവർത്തനരഹിതമായ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനും ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു സ്കീം ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള സഹായം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരവികസന വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) ക്ഷീരകർഷകർക്ക് പാലിന് കൃത്യമായ വില നല്കി പാൽ ശേഖരിക്കുന്ന ക്ഷീരസഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുകയും നിലനിറുത്തുകയുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) ഏതെല്ലാം ധനകാര്യ ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) ക്ഷീരവികസന വകുപ്പിന് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കൂടാതെ പ്രാദേശിക വിപണനം കഴിഞ്ഞുള്ള പാലിന്റെ വിപണനത്തിന് സംഘങ്ങൾ, മിൽമയുടെ റീജിയണൽ യൂണിയനുകളെയും ആശ്രയിക്കുന്നുണ്ട്. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം? | (ഡി) നടപ്പുവർഷത്തെ ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പദ്ധതിക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.